**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2104**
**07.07.2015 ലെ മറുപടിക്ക്**

<u>നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രവൃത്തികളുടെ സേവിംഗ്സ്</u>

| ചോദ്യം.<br>ശ്രീ.ബി.സത്യൻ. | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി) |
|---|---|
| നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന് പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുവാൻ കഴിയുമോ; ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ? | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന് പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ അധിക തുകയായി ടെന്റർ എക്സസ് / സേവിംഗ്സ് വന്നാലും MLA യുടെ 5 കോടി രൂപയെ ബാധിക്കില്ല. ഭരണാനുമതി/പുതുക്കിയ ഭരണാനുമതി നൽകുന്ന തുകകൾ മാത്രമാണ് ടി പദ്ധതിയുടെ 5 കോടിയുടെ വാർഷിക പരിധി തീരുമാനിക്കാൻ വേണ്ടി കണക്കാക്കുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശമുൾക്കൊള്ളുന്ന 04.12.2013 ലെ 97/2013/ധന. സർക്കുലർ അനുബന്ധമായി ചേർക്കുന്നു. ടെന്റർ എക്സസ്/ സേവിംഗ്സ് എന്നിവ പരമാവധി ഒഴിവാക്കുന്നതിനായി ഏറ്റവും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ഉചിതമായിരിക്കും എന്നും നിഷ്കർഷിക്കുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്